**7**

**ചോ:**

# "എപ്പോഴാണ് പുതിയനിയമസഭ തുടങ്ങിയതു?"

## ഉത്തരം:

ബൈബിളിലെ സഭയുടെ ജനനത്തീയതി പല ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതാണ്. ശിശുക്കളുടെ അംഗത്വം, ശബ്ബത്ത് ആചരിക്കൽ, ധൂപം പുകയ്ക്കൽ, ഉപകരണസംഗീതം, ബഹുഭാര്യാത്വം, യോഹന്നാൻ സ്നാപകനെ പിൻപറ്റൽ, കാൽകഴുകൽ, ക്രൂശിലെ കള്ളന്റെ മാതൃക പിൻപറ്റൽ എന്നിവയുടെ ശരിയും തെറ്റും ആ ജനനത്തീയതിയെ ആസ്പദമാക്കിയിരിക്കുന്നു.

### സഭ ആണ് രാജ്യം

സഭയുടെ ജനനത്തീയതി മനസിലാക്കേണ്ടതിലുള്ള പ്രാധാന്യം എന്തെന്നാൽ സഭ എല്ലാ അർത്ഥത്തിലും രാജ്യം തന്നെയാണ് എന്ന വസ്തുതയാണ്. "സഭ" എന്ന വാക്ക് സഭാംഗങ്ങളുടെ വിളിച്ചു-വേർതിരിക്കപ്പെട്ട പ്രത്യേകതയെയും, "രാജ്യം" എന്ന വാക്ക് സഭയുടെ ഭരണത്തെയും സൂചിപ്പിക്കുമ്പോൾ, രണ്ടും ഒരേ സ്ഥാപനത്തെ തന്നെയാണ് അർത്ഥമാക്കുന്നത്. ആ വസ്തുത താഴെ കാണുന്നവയിൽ കാണാം:

(1) രാജ്യത്തിന്റെ രാജാവാണ് സഭയുടെ തല (കൊലൊസ്യർ 1:13, 18).

(2) രാജ്യത്തിന്റെ വിത്താണ് സഭയുടെ വിത്ത് (ലൂക്കൊസ് 8:11; 1 തെസലൊനിക്യർ 2:13, 14).

(3) സഭയുടെ വാതിൽ തുറക്കുവാൻ രാജ്യത്തിന്റെ താക്കോൽ ഉപയോഗിച്ചു (മത്തായി 16:19; നോക്കുക പ്രവൃത്തികൾ 2:47; കെജെവി)

(4) ഒരു പാപിയെ ദൈവരാജ്യത്തിലേക്കും, സഭയിലേക്കും പ്രവേശിപ്പിക്കുന്നതു സ്നാനം ആണ് (യോഹന്നാൻ 3:5; 1 കൊരിന്ത്യർ 12:13).

(5) രാജ്യത്തിൽ കർത്താവിന്റെ മേശയുള്ളതായി പറഞ്ഞിരിക്കുന്നു; അതേസമയം, സഭയിൽ കർത്തൃമേശക്കു പ്രധാനസ്ഥാനമാണുള്ളത് (ലൂക്കൊസ് 22:29, 30; 1 കൊരിന്ത്യർ 10:16).

(6) ദൈവത്തിന്റെ രാജ്യം നശിപ്പിക്കാവുന്നതല്ല, സഭയും നശിപ്പിക്കാവുന്നതല്ല (എബ്രായർ 12:28; എഫെസ്യർ 3:20, 21).

### ഭാവിയിലെ ഒരു സഭ

ഒരു ഞായറാഴ്ച്ച വരെ (യെഹൂദന്മാർ "പെന്തെക്കൊസ്തുനാൾ" എന്നു വിളിച്ചിരുന്നു) ഏ.ഡി. 30-ൽ യേശുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞു പത്തു ദിവസത്തിനു ശേഷം, സഭ, അല്ലെങ്കിൽ രാജ്യം, ഭാവിയിലുള്ളതായിരുന്നു. ആ പ്രാധാന്യമുള്ള കർത്തൃദിവസത്തിനുമുൻപു, രാജ്യത്തെയും, സഭയെയും, കുറിച്ചുള്ള സൂചനകൾ മുൻപോട്ടാണ് സൂചിപ്പിച്ചിരുന്നത്.

(അടുത്ത പേജിലെ ചാർട്ട് നോക്കുക.)

**മുടന്തുള്ള ഒരു സഭ അല്ല**

യേശുവിന്റെ സ്വർഗാരോഹണത്തിനു പത്തു ദിവസങ്ങൾക്കു ശേഷം അല്ലാതെ ആണ് ഒരു സഭ തുടങ്ങിയതെങ്കിൽ, ആ സഭ മുടന്തുള്ളതും ഉപയോഗമില്ലാത്തതുമാണ്. അതു വാസ്തവമാണ് കാരണം ആ പ്രത്യേക കർത്തൃദിവസത്തിനു മുൻപു തുടങ്ങിയതാണെങ്കിൽ, ആ സഭ:

(1) യെഹൂദന്മാർ മാത്രമുള്ളതായിരിക്കും (മത്തായി 10:5, 6; പ്രവൃത്തികൾ 10-ൽ ആദ്യകാലത്തെ ജാതികൾ ക്രിസ്ത്യാനികളായി)

(2) ആത്മാവില്ലാതിരിക്കും (യോഹന്നാൻ 7:39)

(3) രക്തമില്ലാതിരിക്കും (പ്രവൃത്തികൾ 20:28)

(4) തലയില്ലാതിരിക്കും (എഫെസ്യർ 1:22, 23; 5:23)

(5) ക്രിസ്തു ഇല്ലാതിരിക്കും (മത്തായി 16:16-20)

(6) ശക്തിയില്ലാത്ത, യാതൊന്നും-ചെയ്യാത്ത സഭയായിരിക്കും (ലൂക്കൊസ് 24:49; പ്രവൃത്തികൾ 1:4 നോക്കുക).

**നിലവിലുള്ള ഒരു സഭ**

ആ പ്രധാനപ്പെട്ട ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ, പെന്തെകൊസ്തു നാളിനു ശേഷം, സഭയെ സൂചിപ്പിക്കുന്നതെല്ലാം പുറകോട്ടായിരുന്നു. (വീണ്ടും, അടുത്ത പേജിലെ ചാർട്ട് നോക്കുക.) ഏ.ഡി. 30-ലെ പെന്തെകൊസ്തുനാളിൽ, മുൻപോട്ടുള്ളതും പുറകോട്ടുള്ളതുമായ സൂചനകൾ ഒന്നിക്കുന്നു.

## ആരംഭസമയത്തിന്റെ പ്രാധാന്യം

ഏ.ഡി. 30-ൽ പെന്തെകൊസ്തുനാളിൽ രാജ്യം, അഥവാ സഭ, ശക്തിയോടുകൂടിവന്നതു (മർക്കൊസ് 9:1; ലൂക്കൊസ് 24:49) തിരുവെഴുത്തിൽ “ആദിയിൽ” എന്നു വേർതിരിച്ചു അടയാളപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 24:47; പ്രവൃത്തികൾ 11:15). ആ പ്രത്യേക ജനനത്തീയതി വെച്ചിരിക്കുന്നതു കൊണ്ട് അതിനു മുൻപുള്ള യേശുവിന്റെ ഉപദേശം ഇന്നു കെട്ടപ്പെടുന്നില്ല എന്നർത്ഥമാകുന്നില്ല. അതിനു വിപരീതമായി, അവൻ പറഞ്ഞതെല്ലാം വരുവാനുള്ള രാജ്യം, അഥവാ സഭയെക്കുറിച്ചുള്ളതും, ആ മഹത്വകരമായ സ്ഥാപനത്തിൽ അംഗങ്ങളാകുവാൻ തന്റെ ശിഷ്യന്മാരെ ഒരുക്കുന്നതിനുള്ളതുമായിരുന്നു. ഗിരിപ്രഭാഷണത്തിലെ അവന്റെ തത്വങ്ങൾ (മത്തായി 5-7), തെറ്റിപ്പോകുന്ന ഒരാളോടു കൈകാര്യം ചെയ്യുന്നതിനെ കുറിച്ചുള്ള അവന്റെ ഉപദേശം (മത്തായി 18:15-17), കൂടാതെ വിവാഹത്തെ കുറിച്ചും ഉപേക്ഷിക്കുന്നതിനെ കുറിച്ചുമുള്ള അവന്റെ ഉപദേശം (മത്തായി 19:3-9) എന്നിവയെല്ലാം പൊതുവായ ക്രമത്തിൽ മത്തായി 28:20-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവൻ കല്പിച്ച*തൊക്കെയും* നാം പ്രമാണിക്കണം.

എങ്ങനെയായാലും, യേശുവിന്റെ ജീവിതത്തിന്റെ ഭാഗമായ ചില കാര്യങ്ങൾ ക്രിസ്ത്യാനിത്വത്തിൽ ഉണ്ടാകേണ്ടതായിരുന്നില്ല, ഉദാഹരണമായി യെഹൂദപെസഹയും (മത്തായി 26:18) ശബ്ബത്ത് ആചരിക്കലും (ലൂക്കൊസ് 4:16). പ്രത്യേക സാഹചര്യങ്ങളിലേക്കു നല്കിയതായ നിർദ്ദേശങ്ങൾ നാം

അനുസരിക്കേണ്ടതിനുള്ളല്ല, അതായത് പൊക്കണം അല്ലെങ്കിൽ ചെരിപ്പു എടുക്കരുതെന്നത് (ലൂക്കൊസ് 10:4), യെഹൂദന്മാരോടു മാത്രം പ്രസംഗിക്കൽ (മത്തായി 10:5, 6), യേശുവിനെ ക്രിസ്തുവായി ആരോടും പറയരുതെന്ന തും (മത്തായി 16:20).

അതുപോലെ, യേശു ശിഷ്യന്മാരുടെ കാൽ കഴുകിയതു സഭാ നിയമ മായി തുടരേണ്ട ഒന്നായിരുന്നില്ല. സഭ സ്ഥാപിക്കുന്നതിനു മുൻപും (ഉൽപത്തി 18:4; ലൂക്കൊസ് 7:44) അതിനുശേഷവും (1 തിമൊഥെയൊസ് 5:10), കാൽ-കഴുകൽ പരിശീലിച്ചിരുന്നതു വീടിന്റെ അതിഥി മര്യാദയായിട്ടാ യിരുന്നു. അത് ഒരു സഭാ നിയമമായിരുന്നില്ല.

യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാകാലയളവിൽ, ഏതു വിധ ത്തിലും പാപം മോചിച്ചുകൊടുക്കുവാനുള്ള അധികാരം അവനുണ്ടായിരു ന്നു (മർക്കൊസ് 2:10). ക്രൂശിലെ കള്ളൻ സ്നാനപ്പെടാതെ രക്ഷിക്കപ്പെട്ടിരി ക്കാനാണ്, കൂടുതൽ സാധ്യത, എന്നാൽ കള്ളനോടു ആശ്വാസവാക്കുകൾ നല്കിയ അതേ കർത്താവു എല്ലാവരും സ്നാനം ഏല്ക്കണം എന്നു കല്പി ച്ചിരിക്കുന്നു (മർക്കൊസ് 16:15, 16). സഭയുടെ ജനനത്തീയതിയിലാണ് എല്ലാ വരും പാപമോചനത്തിനുള്ള സ്നാനം ഏല്ക്കണം എന്ന കല്പന ആദ്യ മായി നല്കിയത്. അതുകൊണ്ടു ബുദ്ധിയുള്ളവരാരും രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗത്തിനു സഭയുടെ ജനനത്തീയതിക്കു മുൻപുള്ള കാര്യങ്ങൾ നോക്കു കയില്ല. അങ്ങനെ ചെയ്താൽ, ഹാബേലിന്റെ മൃഗയാഗമാണോ അതോ ക്രൂശിലെ കള്ളന്റെ മാതൃകയാണോ പിൻപറ്റേണ്ടത് എന്ന് അവനറിയില്ല. അതിനുവിപരീതമായി, പെന്തെകൊസ്തുനാളിൽ ശക്തിയോടു വന്ന സഭ യുടെ ആരംഭത്തെ കുറിച്ചുള്ള ഉപദേശം ഒരാൾ തന്റെ ജീവിതത്തിൽ പ്രാവർത്തികമാകുവാൻ അനുവദിച്ചാൽ, പിന്നെ രക്ഷിക്കപ്പെടുവാൻ എന്താണു ചെയ്യേണ്ടതെന്നു അവനു അറിയുവാൻ സാധിക്കും. പെന്തെകൊ സ്തുനാളിൽ, ദൈവവചനം സന്തോഷത്തോടെ കൈക്കൊണ്ടവർ പെന്തെ ക്കൊസ്തുനാളിനു മുൻപു ക്രൂശിലെ കള്ളന് സംഭവിച്ച ഒന്നായി അതിനെ തള്ളിക്കളഞ്ഞില്ല. മറിച്ച്, അവർ മാനസാന്തരപ്പെട്ട് സ്നാനം ഏല്ക്കുകയാ ണുണ്ടായത് (പ്രവൃത്തികൾ 2:41).

ഇന്നു ശിശുക്കൾക്ക് വിസ്തൃതമായി അംഗത്വം നല്കുവാനുള്ള ഒരു കാരണം പുതിയനിയമസഭയുടെ ജനനത്തീയതിയുടെ പ്രാധാന്യം സ്വീക രിക്കുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടാണ്. പഴയനിയമത്തിൽ യിസ്രാ യേലിലും യേശുവിന്റെ കാലയളവിലും ശിശുക്കൾക്ക് അംഗത്വാവകാശം ഉണ്ടായിരുന്നു എന്നതു വാസ്തവമാകുമ്പോഴും, യേശു സ്ഥാപിക്കുന്നതായ സഭയുടെ ഒരു മൗലികമായ തത്വമെന്തെന്നാൽ ഓരോ അംഗത്തിനും "കർത്താവിനെ "അറിയുവാൻ" കഴിയണം എന്നതാണ് (എബ്രായർ 8:11). അതുകൊണ്ടു, സഭയുടെ ജനനത്തീയതിയിൽ, പ്രസംഗിച്ച വചനം കേട്ടു ഗ്രഹിക്കുവാൻ പ്രാപ്തിയുള്ളവർ മാത്രമാണ് സ്നാനം ഏറ്റത്.

ധൂപം അർപ്പിക്കുന്നതും ഉപകരണം ഉപയോഗിച്ചുള്ള പാട്ടും പെന്തെ കൊസ്തുനാളിനു മുൻപായിരുന്നു, എന്നാൽ കെട്ടുവാനും അഴിക്കുവാനു ം ക്രിസ്തുവിന്റെ അധികാരം ലഭിച്ച അപ്പൊസ്തലന്മാർ (മത്തായി 18:18) അവ രണ്ടും പുതിയസഭയിൽനിന്നും ഒഴിവാക്കി. ആ വസ്തുതക്കു പുറമെ, ചിലർ പെന്തെകൊസ്തുനാളിനു മുൻപുണ്ടായിരുന്ന പഴയനിയമാരാധന യിലേക്കു തിരിച്ചുപോയി, ധൂപക്കാഴ്ച്ചയും ഉപകരണ സംഗീതവും,

ക്രിസ്തീയ ആരാധനയിലേക്കു കൊണ്ടുവന്നിരിക്കുന്നു. ചിലർ ധൂപത്തെ തള്ളിക്കളയുന്നു എന്നാൽ ഉപകരണ സംഗീതത്തെ കൊണ്ടുവരുന്നു. എ.ഡി. 30–ൽ, പെന്തെകൊസ്തുനാളിൽ ആരംഭിച്ച സഭയുടെ "ആദിയിൽ" ഉള്ള പ്രാധാന്യത്തെ ഒരാൾ മനസിലാക്കിയാൽ, അത്തരം പ്രശ്നങ്ങൾ യാന്ത്രികമായി പരിഹരിക്കപ്പെടും.

ചിലർ യോഹന്നാൻ സ്നാപകന്റെ വലിയ പ്രവർത്തനത്തിലേക്കു തിരിച്ചുപോയി അതു പിൻപറ്റുവാൻ നോക്കുകയാണ്. എങ്ങനെയായാലും, യോഹന്നാൻ എത്ര മഹാനായിരുന്നുവെങ്കിലും, അവന്റെ പ്രവൃത്തി പ്രാഥമികമായിരുന്നു (ലൂക്കൊസ് 1:17; യോഹന്നാൻ 1:15). യോഹന്നാൻ സ്നാപകന്റെ സിരച്ഛേദത്തിനു ശേഷമാണ് പുതിയനിയമസഭയുടെ ''ആരംഭം'' ഉണ്ടാകുന്നത്. അതുകൊണ്ടു, ബുദ്ധിയുള്ള ഒരാൾ, ദൈവവചനത്തെ ശരിയായി വിഭജിച്ച്, സഭയുടെ ജനനത്തീയതിക്കു മുൻപു സംഭവിച്ചതും പിൻപു സംഭവിച്ചതും തമ്മിലുള്ള വ്യക്തമായ വ്യത്യാസം വീക്ഷിച്ചു തിരിച്ചറിയും.

അതുപോലെ, ബുദ്ധിയുള്ള ഒരാൾ, ഉദാഹരണത്തിനു, പഴയനിയമശബ്ദത്തിനെ കുറിച്ചു പറയുമ്പോൾ, ''അതു ബൈബിളിൽ ഉണ്ട്'' എന്നു പറഞ്ഞു, അതിനെ അന്ധമായി സ്വീകരിക്കുകയില്ല. പകരം, അതു അവനു ബൈബിളിൽ *എവിടെ* കണ്ടെത്താം എന്നു പരിശോധിക്കും. പെന്തെകൊസ്തുനാളിനു *ശേഷം* ദൈവത്തിന്റെ സഭ അതു സ്വീകരിക്കുന്നതായി അവൻ കണ്ടെത്തിയാൽ, പിന്നെ അവനും അതു സ്വീകരിക്കും. എങ്ങനെയായാലും, ഒരിക്കൽ ദൈവം അത് അനുവദിച്ചതാണെങ്കിലും, പെന്തെകൊസ്തുനാളിനു *ശേഷം* അതു സഭയുടെ ഭാഗമല്ല എന്നു, അയാൾ കണ്ടെത്തിയാൽ (1 കൊരിന്ത്യർ 7:11; കൊലൊസ്യർ 2:14–17), ആ മാതൃകയായിരിക്കും അയാൾ പിൻപറ്റുക. അയാൾ ക്രിസ്ത്യാനിത്വത്തിന്റെ ആരംഭത്തിന്റെ പ്രാധാന്യത്തെ തന്റെ പ്രവർത്തികളെ നയിക്കുവാൻ അനുവദിക്കും.

## ഉപസംഹാരം

പുതിയനിയമസഭ എപ്പോൾ നിലവിൽവന്നു എന്നു കൃത്യമായി ഒരാൾ മനസിലാക്കുമ്പോൾ കുഴയ്ക്കുന്ന പല മതപരമായ ചോദ്യങ്ങൾക്കും ഉടനെ ഉത്തരം ലഭിക്കും. സത്യവചനത്തെ കൃത്യമായി കൈകാര്യം ചെയ്യുവാനുള്ള പ്രധാനപ്പെട്ട താക്കോൽ ഇതാണ് (2 തിമൊഥെയൊസ് 2:15).

---

കുറിപ്പ്

[1]ക്രിസ്തു ജനിച്ച തീയതി സ്വീകരിച്ചിരിക്കുന്നതിനെ ആസ്പദമാക്കി, തീയതികൾ വ്യത്യസ്തമായിരിക്കും. "പുതിയനിയമസഭയെ നമുക്ക് എങ്ങനെ തിരിച്ചറിയാം?" എന്ന പാഠത്തിലുള്ള കുറിപ്പ് 1 നോക്കുക.

## സഭ എപ്പോഴാണ് ആരംഭിച്ചത്?

**സഭയുടെ ആരംഭത്തിലേക്കു പുറകോട്ടു ചൂണ്ടുന്ന തിരുവെഴുത്തുകൾ**

എ.ഡി. 96 — വെളി. 1:5, 6; 2:1:
സ്ഥാപിക്കപ്പെട്ട സഭകൾ

എ.ഡി. 65 — 1 തിമൊ. 3:15:
സഭ സ്ഥാപിച്ചു

എ.ഡി. 45 — പ്രവൃ. 14:23
ഓരോ സഭയിലും മൂപ്പന്മാർ നിയമിക്കപ്പെട്ടു

എ.ഡി. 40 — പ്രവൃ. 8:1–4
സഭ ഉപദ്രവിക്കപ്പെട്ടു

എ.ഡി. 30 — പ്രവൃ. 2:47:
പരിവർത്തനം ചെയ്തവരെ അവരോടു ചേർത്തു ("സഭ"; കെജെവി)

എ.ഡി. 30 — പ്രവൃ. 2:1–41
**പെന്തെക്കൊസ്തു നാൾ**

എ.ഡി. 30 — പ്രവൃ. 1:8:
ഉയിർത്തെഴുന്നേറ്റ യേശു അപ്പൊസ്തലന്മാരോടു കാത്തിരിക്കുവാൻ പറയുന്നു

**സഭയുടെ ആരംഭത്തിലേക്കു മുൻപോട്ടു ചൂണ്ടുന്ന തിരുവെഴുത്തുകൾ**

എ.ഡി. 29 — മത്താ. 16:18; മർക്കൊ. 9:1
യേശു തന്റെ സഭ പണിയുമെന്നു വാഗ്ദാനം ചെയ്യുന്നു. കേൾവിക്കാരിൽ ചിലർ അതു കാണും

എ.ഡി. 28 — മത്താ. 6:10:
യേശു ... "നിന്റെ രാജ്യം വരേണമേ"

എ.ഡി. 27 — മർക്കൊ. 1:15:
രാജ്യം "അടുത്തിരിക്കുന്നു" എന്നു യോഹന്നാൻ പറയുന്നു

നൂ. 600ബി.സി. — ദാനി. 2:44:
"രാജ്യം" ദാനിയേൽ പ്രവചിക്കുന്നു